2025
NOVEMBER
12
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## 500 ലക്ഷം കോടിയുടെ അപൂർവ്വ ധാതുക്കൾ: പാക്കിസ്ഥാന്റെ വാദം തട്ടിപ്പ്

**ഇസ്ലാമാബാദ്:** പാക്കിസ്ഥാന്റെ സാമ്പത്തിക തലവരതന്നെ മാറ്റിയെഴുതുന്ന അപൂർവ്വ ധാതുക്കളുടെ സമ്പത്തുണ്ടെന്ന സർക്കാരിന്റെയും സൈനിക മേധാവി അസിം മുനീറിന്റെയും വാദങ്ങൾ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള വെറും ഊഹാപോഹം മാത്രമാണെന്ന് റിപ്പോർട്ട്. 6 മുതൽ 8 ട്രില്യൻ ഡോളർ വരെ മൂല്യംകൽപ്പിക്കുന്ന (ഏതാണ്ട് 530 ലക്ഷം കോടി മുതൽ 710 ലക്ഷം കോടി രൂപവരെ ഇന്ത്യൻ രൂപ) അപൂർവ്വ ധാതുക്കളുടെ ശേഖരം (റിസർവ്) രാജ്യത്തുണ്ടെന്നാണ് പാക്ക് സർക്കാരും സൈന്യവും അവകാശപ്പെട്ടിരുന്നത്.

ഇതു വെറും തട്ടിപ്പ് മാത്രമാണെന്നും ഒരു പഠനത്തിന്റെയും അടിസ്ഥാനമില്ലെന്നും ഓസ്ട്രേലിയ ആസ്ഥാനമായ മൈനിങ് നിരീക്ഷണ മാധ്യമമായ ഡിസ്കവറി അലേർട്ടിന്റെ റിപ്പോർട്ട് ചൂണ്ടിക്കാട്ടി. രാജ്യാന്തരതലത്തിലെ എൻഐ 43101 സ്റ്റാൻഡേർഡ് പ്രകാരമുള്ള പഠനത്തിലൂടെയാണ് അപൂർവ ധാതുക്കളുടെ റിസർവ് ഉണ്ടെന്ന് തെളിയിക്കേണ്ടത്. മൂല്യനിർണയം, സാമ്പത്തിക കുതിച്ചു ചാട്ടത്തിനുള്ള സാധ്യതകൾ എന്നിവയും ഇതുവഴി ഉറപ്പിക്കാനാകും. എന്നാൽ, ഇത്തരത്തിലുള്ള ഒരു പഠനവും പാക്കിസ്ഥാനിൽ നടന്നിട്ടില്ല.

അപൂർവ്വ ധാതുക്കളുണ്ടെന്ന് (റെയർ എർത്ത് എലമെന്റ്സ്) പാക്കിസ്ഥാൻ പറയുന്നുണ്ടെങ്കിലും ഉൽപാദനം വട്ടപ്പൂജ്യമാണെന്ന് യുഎസിന്റെ ജിയോളജിക്കൽ സർവേ ഡേറ്റയും വ്യക്തമാക്കിയിരുന്നു. ചില നിരീക്ഷകർ പറയുന്നത് പാക്കിസ്ഥാനിൽ ഒരുലക്ഷം മുതൽ 4 ലക്ഷം ടൺവരെ റെയർ എർത്ത് ഉണ്ടാകാമെന്നതാണ്. അതാകട്ടെ, ഈ രംഗത്തെ പ്രമുഖ രാജ്യങ്ങളുടെ ധാതു സമ്പത്തുമായി താരതമ്യം ചെയ്യുമ്പോൾ കുറവുമാണ്.

ചൈനയാണ് 4.4 കോടി ടൺ റെയർ എർത്ത് എലമെന്റ് റിസർവുമായി ലോകത്ത് ഏറ്റവും മുന്നിൽ. 2.2 കോടി ടണ്ണുമായി വിയറ്റ്നാം രണ്ടാമതാണ്. ബ്രസീൽ (2.1 കോടി ടൺ), റഷ്യ (2.1 കോടി ടൺ), ഇന്ത്യ (70 ലക്ഷം ടൺ), അമേരിക്ക (20 ലക്ഷം ടൺ) എന്നിവയാണ് ഈ രംഗത്ത് മുൻനിരയിലുള്ള മറ്റ് രാജ്യങ്ങൾ.

68 ട്രില്യൻ ഡോളർ ധാതു സമ്പത്തുണ്ടെന്ന് പറയുന്ന പാക്കിസ്ഥാന്റെതന്നെ 2020ലെ ഔദ്യോഗിക കണക്കുപ്രകാരം ഖനനമേഖലയുടെ മൂല്യം വെറും 6.5 ബില്യനാണ് (58,000 കോടി രൂപ). അതായത്, പാക്ക് സർക്കാരും സൈന്യവും പറയുന്ന വമ്പൻ കണക്കുകൾ രാഷ്ട്രീയ നേട്ടവും ആഗോള ശ്രദ്ധയും കിട്ടാനുള്ള വെറും പൊള്ളത്തരം മാത്രമാണെന്നും റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു.

എന്നാൽ, പാക്കിസ്ഥാനിൽ ചെമ്പ്, ആന്റിമണി, ലിഗ്നൈറ്റ്, ക്രോമൈറ്റ്, ജെംസ്റ്റോൺ തുടങ്ങിയവയുടെ സാന്നിധ്യമുണ്ടെന്നത് റിപ്പോർട്ടുകൾ ശരിവയ്ക്കുന്നുണ്ട്. ബലൂചിസ്ഥാൻ പ്രവിശ്യയിലാണ് പാക്കിസ്ഥാനിൽ അപൂർവ്വ ധാതുക്കളുടെ ശേഖരമുള്ളത്. ഈ മേഖല ബലൂച് പോരാളികളുടെ ശക്തികേന്ദ്രമായതിനാലും അടിസ്ഥാന സൗകര്യങ്ങളിൽ ഏറെ പിന്നിലായതിനാലും ഇവിടെ ഖനന നടപടികൾ എളുപ്പവുമല്ല.

അപൂർവ്വ ധാതുക്കളുടെ കയറ്റുമതിക്ക് യുഎസ് സർക്കാരുമായി 50 കോടി ഡോളറിന്റെ കരാറിൽ എത്തിയെന്നും ഇതുപ്രകാരമുള്ള ആദ്യ കണ്ടെയ്നർ അയച്ചുവെന്നും അടുത്തിടെ പാക്കിസ്ഥാൻ അവകാശപ്പെട്ടിരുന്നു. എങ്കിലും, പാക്കിസ്ഥാനിലുള്ളത് നാമമാത്രമായ അപൂർവ്വ ധാതുക്കളാണെന്നും മറിച്ചുള്ള കണക്കുകൾ പൊള്ളയാണെന്നുമാണ് റിപ്പോർട്ടുകൾ പറയുന്നത്.

അടുത്തിടെ, വൈറ്റ്ഹൗസ് സന്ദർശനവേളയിൽ പാക്ക് പ്രധാനമന്ത്രി ഷെഹബാസ് ഷെരീഫും സൈനിക മേധാവി അസിം മുനീറും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന് മുന്നിൽ 'അപൂർവ്വ ധാതുക്കൾ' എന്നപേരിൽ ഒരു പെട്ടി തുറന്നുകാട്ടിയത് ആഗോളശ്രദ്ധ നേടിയിരുന്നു. പെട്ടിയിലുണ്ടായിരുന്നത് അപൂർവ ധാതുക്കളല്ലെന്നും പാക്കിസ്ഥാനി ഉദ്യോഗസ്ഥരുടെ സമ്മാനമായ രത്ന അയിരുകളാണെന്നും ചൈന പ്രതികരിച്ചിരുന്നു.

## ആർബിഐയുടെ പുതിയ വ്യവസ്ഥ: തർക്കം മുറുകുന്നു, സ്വകാര്യ ബാങ്കുകളെ ബാധിക്കും

**ന്യൂദൽഹി:** ഫണ്ട് വകമാറ്റുന്നത് തടയുന്നതിനായി റിസർവ് ബാങ്ക് മുന്നോട്ടുവെച്ച നിർദേശങ്ങളെ തുടർന്ന് ബാങ്കിങ് മേഖലയിൽ ഭിന്നത രൂക്ഷം. 10 കോടി രൂപയോ അതിലധികമോ കടബാധ്യയുള്ള വായ്പക്കാർക്ക് ഒന്നിലധികം കറന്റ് അക്കൗണ്ടുകൾ തുറക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതാണ് പ്രധാന നിർദേശം.




ഇതുപ്രകാരം വായ്പയുടെ 10 ശതമാനമെങ്കിലും നൽകിയിട്ടുള്ള പരമാവധി രണ്ട് ബാങ്കുകളിൽ മാത്രമേ ഇവർക്ക് കറന്റ് അക്കൗണ്ട് തുറക്കാൻ സാധിക്കൂ. പൊതുമേഖല ബാങ്കുകളും സ്വകാര്യ ബാങ്കുകളും തമ്മിൽ ഇത് ഭിന്നത രൂക്ഷമാക്കി. ഫീസുകളിൽ നിന്നുള്ള വരുമാനം, പണലഭ്യത എന്നിവയെ ഈ നീക്കം പ്രതികൂലമായി ബാധിക്കുമെന്നാണ് സ്വകാര്യ ബാങ്കുകളുടെ ആശങ്ക.

2024-25 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം രാജ്യത്തെ 22.8 ലക്ഷം കോടി രൂപയുടെ കറന്റ് അക്കൗണ്ട് നിക്ഷേപത്തിൽ 44.7 ശതമാനവും സ്വകാര്യ ബാങ്കുകളുടെ കൈവശമാണ്.

ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ വിഷയം ചർച്ചചെയ്തെങ്കിലും പൊതുമേഖല ബാങ്കുകളുടെ പിന്തുണ ലഭിക്കാത്തതിനാൽ സ്വകാര്യ ബാങ്കുകൾ ആർബിഐയെ സമീപിക്കാൻ ഒരുങ്ങുകയാണ്.

## കൊച്ചി ദക്ഷിണേന്ത്യയിലെ ഡാറ്റാ സെന്റർ ഹബ്ബാകുന്നു

**കൊച്ചി:** ഡാറ്റാ അടിസ്ഥാന സൗകര്യങ്ങളിൽ രാജ്യത്തിന്റെ സ്ഫോടനാത്മകമായ വളർച്ചാ തരംഗത്തിന്റെ വാഹകർ എന്ന നിലയിൽ കൊച്ചി ദക്ഷിണേന്ത്യയിലെ എഐ ഫോർവേഡ് ഡെസ്റ്റിനേഷനായും ഡാറ്റാ സെന്റർ ഹബ്ബായും മാറിക്കൊണ്ടിരിക്കുന്നു. 2025 അവസാനത്തോടെ ഇന്ത്യയുടെ ഡാറ്റാ സെന്റർ ശേഷി 2,070 മെഗാവാട്ടിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ പ്രാദേശിക ഡാറ്റാസ്ഫിയർ വളർച്ചയും ചെലവ് കാര്യക്ഷമതാ നേട്ടങ്ങളും കാരണം പുതിയ ഡാറ്റാ സെന്റർ നിക്ഷേപങ്ങൾക്ക് കൊച്ചി പോലുള്ള വളർന്നുവരുന്ന ഡിജിറ്റൽ നഗരങ്ങൾ മുൻഗണന നേടുന്നു. ഇത് ഇന്ത്യയുടെ വികസിച്ചുകൊണ്ടിരിക്കുന്ന ഡിജിറ്റൽ ആവാസ വ്യവസ്ഥയിൽ ഒരു സുപ്രധാന കേന്ദ്രമായി കൊച്ചിയെ മാറ്റുന്നു. പ്രത്യേകിച്ചും ആഭ്യന്തര, ആഗോള സാങ്കേതിക സ്ഥാപനങ്ങളെ ഇത് ആകർഷിക്കുന്നത് തുടരുന്നതിനാൽ.

കൊച്ചിയുടെ വികസിച്ചുകൊണ്ടിരിക്കുന്ന ഡിജിറ്റൽ സാന്നിധ്യത്തിന് അനുസൃതമായിക്കൊണ്ട് തന്നെയാണ് നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിൽ ചിന്താപൂർവം കൊണ്ടുവരുന്ന മെച്ചപ്പെടുത്തലുകളും സംഭവിക്കുന്നത്. അതിൽ സ്മാർട്ട് വീഡിയോ അനലിറ്റിക്സ് സിസ്റ്റങ്ങളുടെ സംയോജനവും ഉൾപ്പെടുന്നു. താമസക്കാർക്കും സന്ദർശകർക്കും ഒരുപോലെ ദൈനംദിന സുരക്ഷ, കാര്യക്ഷമത, പൊതു സേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്മാർട്ട് സിറ്റി ദർശനത്തിന്റെ ഭാഗമായി നഗര പൊതു ഇടങ്ങളിലും, ഗതാഗത കേന്ദ്രങ്ങളിലും, അവശ്യ സേവന മേഖലകളിലും നൂതനമായ എഐ നിയന്ത്രിത ക്യാമറകളും വീഡിയോ അനലിറ്റിക്സും സ്വീകരിച്ചിരിക്കുന്നു. ഗതാഗത നിയമങ്ങൾ നടപ്പിലാക്കലും മാലിന്യ നിരീക്ഷണവും മുതൽ ജനക്കൂട്ട നിരീക്ഷണവും അടിയന്തര പ്രതികരണവും വരെയുള്ള കാര്യങ്ങളിൽ ആധുനിക വീഡിയോ, അനലിറ്റിക്സ് സംവിധാനങ്ങൾ വലിയ അളവിലുള്ള വീഡിയോ ഡാറ്റയെ ആശ്രയിക്കുന്നു. ഹൈഡെഫനിഷൻ ക്യാമറകൾ, ഇൻസൈറ്റ് അനലിറ്റിക്സ്, റിയൽടൈം അലേർട്ടുകൾ എന്നിവ നഗര ഭരണത്തിന്റെ അടിസ്ഥാനമായി മാറുകയാണ്. എന്നാൽ സംഭരണ അടിസ്ഥാന സൗകര്യങ്ങളിലെ വൻ ആവശ്യകത സൃഷ്ടിക്കുന്നു ഈ ഡിജിറ്റൽ ഇന്റലിജൻസ്. ഡാറ്റ ആവശ്യങ്ങൾ വർദ്ധിക്കുമ്പോൾ വിപുലീകരിക്കാവുന്നതും സുരക്ഷിതവും എഐ തയ്യാറായതുമായ സംഭരണം പ്രവർത്തന വിജയത്തിന്റെ കാതലായി മാറുന്നു. ദക്ഷിണേന്ത്യയിലെ ഒരു എഐ മുന്നേറ്റ കേന്ദ്രമായി കൊച്ചി സ്വയം നിലകൊള്ളുന്നതിനാൽ ഹാർഡ് ഡ്രൈവുകളെ തന്ത്രപരമായ ആസ്തികളായി കണക്കാക്കുന്നതിലേക്ക് ഊന്നൽ മാറണം. തീരുമാനമെടുക്കുന്നവരും സിസ്റ്റം ഇന്റഗ്രേറ്റർമാരും പൊതു ഏജൻസികളും ഭാവിയിലെ ഡാറ്റ വളർച്ചയ്ക്കനുസരിച്ച് സ്റ്റോറേജ് ഇൻഫ്രാസ്ട്രക്ചർ ഏത് വേണമെന്നതിന് മുൻഗണന നൽകണം. പ്രവർത്തന തുടർച്ച, പൊതുജന വിശ്വാസം, നഗര പ്രതിരോധം എന്നിവയിലെ ദീർഘകാല നിക്ഷേപങ്ങളാണ്.




## തൊഴിലില്ലായ്മ: രാജ്യത്ത് 5.2%, കേരളത്തിൽ 8%, മൂന്നാംസ്ഥാനം

**ന്യൂഡൽഹി:** തുടർച്ചയായ രണ്ടാം പാദത്തിലും ഉയർന്ന തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മൂന്നാമത്. അതേസമയം, സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്കിൽ മുൻ പാദത്തെക്കാൾ നേരിയ കുറവുണ്ട്; ഏപ്രിൽ- ജൂൺ കാലയളവിൽ 8.1% ആയിരുന്നു, ജൂലൈ- സെപ്റ്റംബറിൽ 8%.

രാജ്യമാകെയുള്ള തൊഴിലില്ലായ്മ നിരക്ക് 5.2 ശതമാനമാണ്. മുൻ പാദത്തിൽ ഇത് 5.4 ശതമാനമായിരുന്നു. ഉത്തരാഖണ്ഡ് (8.9%), ആന്ധ്രപ്രദേശ് (8.2%) എന്നിവയാണ് കേരളത്തിനു മുന്നിലുള്ള സംസ്ഥാനങ്ങൾ. തമിഴ്നാട്ടിൽ 5.7%, കർണാടകയിൽ 2.8% എന്നിങ്ങനെയാണു നിരക്ക്. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ നിരക്കിൽ കേരളം രണ്ടാമതാണ് (9.4%); ആന്ധ്രയാണ് ഒന്നാമത് (10.1%).

## ജിഎസ്ടി ഇളവ് ഉപഭോക്താക്കൾക്ക് കൈമാറി

**തിരുവനന്തപുരം:** ഇൻഷുറൻസ് പോളിസികളിലെ ജിഎസ്ടി ഇളവ് പൂർണമായും ഉപഭോക്താക്കൾക്കു ലഭ്യമാക്കിയെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് അറിയിച്ചു. ഇൻഷുറൻസ് പോളിസികളിൽ 18 ശതമാനം ജിഎസ്ടി ഉണ്ടായിരുന്നതാണ് പൂർണമായി ഒഴിവാക്കിയത്. ഓരോ ഇന്ത്യൻ കുടുംബത്തിനും ഇൻഷുറൻസ് താങ്ങാനാവുന്നതും ലഭ്യമാകുന്നതുമായ നിലയാണ് ഇതിലൂടെ ഉണ്ടായിട്ടുള്ളത്.

30 വയസുള്ള പുകവലിക്കാത്ത പുരുഷൻ ഒരു കോടി രൂപയുടെ 30 വർഷ ടേം പോളിസിയിൽ ജിഎസ്ടി അടക്കം 825 രൂപ പ്രതിമാസ പ്രീമിയം നൽകേണ്ടിയിരുന്നത് ഇപ്പോൾ 699 രൂപയായി കുറഞ്ഞു. ഇതേ പ്രായത്തിലുള്ള വനിതകൾക്ക് 697 രൂപ പ്രതിമാസം നൽകേണ്ടിയിരുന്നത് 594 രൂപയായും കുറഞ്ഞിട്ടുണ്ട്. ഉപഭോക്താക്കൾക്കു വേണ്ടി ശരിയായ കാര്യങ്ങൾ ചെയ്യുന്നതിലാണ് യഥാർത്ഥ മൂല്യമുള്ളതെന്നും, പരിരക്ഷയുടെ കാര്യത്തിൽ രാജ്യത്തുള്ള അപര്യാപ്തത ഒഴിവാക്കാനുള്ള കമ്പനിയുടെ നിലവിലെ നീക്കങ്ങളുമായി ഒത്തു പോകുന്നതാണ് ഈ സമീപനമെന്നും ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്ട് ഓഫിസർ വികാസ് ഗുപ്ത പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സർക്കാർ ആശുപത്രികൾക്കുള്ള സമഗ്ര റഫറൽ പ്രോട്ടോകോൾ പുറത്തിറക്കി

## റഫറൽ പ്രോട്ടോകോൾ പാലിക്കാൻ കർശന നിർദേശം

**തിരുവനന്തപുരം:** ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികൾക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകൾക്കുമുള്ള സമഗ്ര റഫറൽ പ്രോട്ടോകോൾ ആരോഗ്യ വകുപ്പ് പുറത്തിറക്കി. മെഡിക്കൽ കോളേജുകളുടെ ഭാരം കുറയ്ക്കാനും രോഗികൾക്ക് തൊട്ടടുത്തുള്ള ആശുപത്രികളിൽ മികച്ച ചികിത്സ ഉറപ്പാക്കാനുമായുള്ള പ്രോട്ടോകോളാണ് പുറത്തിറക്കിയതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇന്റേണൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ് തുടങ്ങിയ 5 സ്പെഷ്യാലിറ്റികൾക്കുള്ള പ്രോട്ടോകോളാണ് ആദ്യഘട്ടമായി പുറത്തിറക്കിയത്. മറ്റ് സ്പെഷ്യാലിറ്റികളുടെ പ്രോട്ടോകോൾ തുടർന്ന് പ്രസിദ്ധീകരിക്കും. ഒരു ആശുപത്രിയിൽ സൗകര്യങ്ങൾ ഉണ്ടെന്നിരിക്കെ രോഗികളെ അനാവശ്യമായി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യാൻ പാടില്ല. എല്ലാ ആശുപത്രികളും പ്രോട്ടോകോൾ കൃത്യമായി പാലിക്കണമെന്ന് മന്ത്രി നിർദേശം നൽകി.

2010-11ലാണ് ആദ്യമായി ഒരു റഫറൽ പ്രോട്ടോകോൾ രൂപീകരിച്ചത്. എന്നാൽ രോഗികളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യം, ആശുപത്രികളിലെ ഭൗതിക സൗഹചര്യങ്ങളിലെ മാറ്റം, ചികിത്സാ രീതികളിലെ മാറ്റം, പുതിയ രോഗങ്ങൾ എന്നിവ പരിഗണിച്ചു കൊണ്ടാണ് സമഗ്ര പ്രോട്ടോകോൾ പുറത്തിറക്കിയത്. 2023ൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്തുമാണ് സമഗ്ര പ്രോട്ടോകോളിന് രൂപം നൽകിയത്. മെഡിക്കൽ കോളേജ്, ജില്ല, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ വിവിധ തരത്തിലുള്ള സ്പെഷ്യാലിറ്റി ചികിത്സകൾ ലഭ്യമാണ്. അതിനാൽ എല്ലാ സ്ഥാപനങ്ങളേയും അവിടെ ലഭ്യമായ മാനവവിഭവശേഷി, സൗകര്യങ്ങൾ എന്നിവ പരിഗണിച്ചു കൊണ്ട് അഞ്ചായി തരം തിരിച്ചിട്ടുണ്ട്. കാറ്റഗറി എ, ബി, സി 1, സി 2, ഡി എന്നിങ്ങനെയാണ് തരംതിരിച്ചിട്ടുള്ളത്. ഓരോ കാറ്റഗറി സ്ഥാപനത്തിലും എന്തൊക്കെ സൗകര്യങ്ങൾ ഉണ്ടാകണമെന്നും എന്തൊക്കെ ചികിത്സകൾ നൽകണമെന്നും പ്രോട്ടോകോളിൽ വിശദീകരിച്ചിട്ടുണ്ട്. അവിടെ ചികിത്സയിലുള്ള രോഗിക്ക് എന്ത് അപായ സൂചനകൾ കണ്ടാലാണ് റഫറൽ ചെയ്യേണ്ടതെന്നും, രോഗ ലക്ഷണങ്ങളനുസരിച്ച് ഏത് ആശുപത്രിയിലേക്കാണ് റഫർ ചെയ്യേണ്ടതെന്നും കൃത്യമായി വിശദീകരിച്ചിട്ടുണ്ട്.

റഫറൽ, ബാക്ക് റഫറൽ പ്രോട്ടോകോൾ നടപ്പിലാകുന്നതോടെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള പ്രധാന ആശുപത്രികളിലെ രോഗികളുടെ ബാഹുല്യം കുറയ്ക്കാനാകും. താഴെത്തട്ടിലെ ആശുപത്രികളിൽ ഉള്ള സൗകര്യങ്ങൾ വച്ച് ഏതൊക്കെ ചികിത്സിക്കാമെന്ന് കൃത്യമായി നിർവചിച്ചത് കൊണ്ട് നൂലാമാലകളൊന്നുമില്ലാതെ ഡോക്ടർമാർക്ക് നിലവിലെ സൗകര്യങ്ങൾക്കനുസരിച്ച് കൂടുതൽ കൃത്യതയോടെ ചികിത്സിക്കാനും അതുവഴി റഫറൽ കുറയ്ക്കാനും കഴിയുന്നു. രോഗികൾ നേരിട്ട് പ്രധാന ആശുപത്രികളിൽ എത്തുന്നത് കുറയ്ക്കാനും അങ്ങനെ നിലവിലെ എല്ലാ ആശുപത്രികൾക്കും സൗകര്യങ്ങൾക്കനുസരിച്ച് മികച്ച ചികിത്സ ഉറപ്പാക്കാനും സാധിക്കുന്നു.

# 2024ലെ ആന്റിബയോഗ്രാം പുറത്തിറക്കി

**തിരുവനന്തപുരം:** കേരളത്തിലെ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എഎംആർ) തോത് വിലയിരുത്താനും അതിനനുസരിച്ച് ആന്റി മൈക്രോബ്രിയൽ റെസിസ്റ്റൻസ് പ്രതിരോധിക്കാനും പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനുമായി 2024ലെ ആന്റിബയോഗ്രാം (എഎംആർ സർവെയലൻസ് റിപ്പോർട്ട്) ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് കഴിഞ്ഞ ദിവസം പുറത്തിറക്കി. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, എസ്.എച്ച്.എ. എക്സിക്യുട്ടീവ് ഡയറക്ടർ അരുൺ കുമാർ, കാർസാപ്പ് നോഡൽ ഓഫീസർ ഡോ. എൻ. സരിത, കാർസാപ്പ് കൺവീനർ ഡോ. അരവിന്ദ്, ഡോ. സത്യഭാമ എന്നിവർ പങ്കെടുത്തു. 2022ൽ ഈ സർക്കാരിന്റെ കാലത്താണ് രാജ്യത്ത് ആദ്യമായി ആന്റി ബയോഗ്രാം പുറത്തിറക്കിയത്. ഇത് തുടർച്ചയായ നാലാം തവണയാണ് കേരളം ചിട്ടയായ പ്രവർത്തനങ്ങളോടെ ആന്റിബയോഗ്രാം പുറത്തിറക്കുന്നത്.



കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (കാർസാപ്), കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സർവൈലൻസ് നെറ്റ് വർക്ക് (കാർസ് നെറ്റ്) എന്നിവ രൂപീകരിച്ചാണ് എഎംആർ പ്രതിരോധം ശക്തമാക്കിയത്. സംസ്ഥാന ആന്റിബയോഗ്രാം റിപ്പോർട്ടിൽ നിന്നും ആന്റിബയോട്ടിക് റെസിസ്റ്റൻസ് തോത് മുൻകാലത്തെ അപേക്ഷിച്ച് നേരിയ തോതിൽ കുറഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും വലിയ ഭീഷണിയായയാണ് കാണുന്നത്. പ്രതിരോധം വിലയിരുത്തുന്നതിന്റെ ഭാഗമായി 14 ജില്ലകളിലെ 59 ലാബോറട്ടറി ശൃംഖല ഘട്ടം ഘട്ടമായി വികസിപ്പിച്ചു. മുമ്പ് ത്രിതീയ തലത്തിലുള്ള ആശുപത്രികളിലെ ആന്റിബയോട്ടിക്കിന്റെ തോതാണ് വിലയിരുത്തിയിരുന്നത്. എന്നാൽ പ്രാഥമിക തലത്തിലും ദ്വിതീയ തലത്തിലുമുള്ള ആശുപത്രികളിലെ ആന്റിബയോട്ടിക്കിന്റെ തോത് അറിയാനായി വിപുലമായ ശൃംഖല ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നടപ്പിലാക്കിയ ഏക സംസ്ഥാനം കൂടിയാണ് കേരളം.

40,323 സാമ്പിളുകളാണ് കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിൽ അവലോകനം ചെയ്തതെങ്കിൽ ഈ വർഷത്തെ റിപ്പോർട്ടിൽ 55,640 സാമ്പിളുകളാണ് അവലോകനം ചെയ്തത്. ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ഡാറ്റയുടെ ശേഖരണത്തിനും വിശകലനത്തിനും ഡബ്ല്യുഎച്ച്ഒ നെറ്റ് സോഫ്റ്റ് വെയറാണ് ഉപയോഗിക്കുന്നത്. കേരളത്തിന്റെ എഎംആർ പ്രതിരോധം അന്തർദേശീയ ശ്രദ്ധ നേടിയിരുന്നു. ലോകത്ത് ആദ്യമായി ലോകാരോഗ്യ സംഘടന നിഷ്കർഷിച്ച AWaRe മെട്രിക്സ് പ്രകാരം കൾച്ചർ റിപ്പോർട്ടിംഗ് ഫോർമാറ്റ് വികസിപ്പിച്ച് നടപ്പിലാക്കിയത് കേരളത്തിലാണ്.

ഈ വർഷം അവസാനത്തോടെ ആന്റിബയോട്ടിക് സാക്ഷരത കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ആന്റിബയോട്ടിക് വാരാചരണത്തിന്റെ ഭാഗമായി ബോധവത്ക്കരണ പരിപാടികൾ കൂടുതൽ ശക്തമാക്കും. ശക്തമായ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ ഈ വർഷം കുറവുണ്ടായി. എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. 2 ആശുപത്രികൾ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി പ്രഖ്യാപിച്ചു. 100 ആശുപത്രികൾ കൂടി ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളായി ഉടൻ മാറും.

### ആന്റിബയോട്ടിക്കുകൾ ശ്രദ്ധയോടെ ഉപയോഗിക്കാം

- ആന്റിബയോട്ടിക്കുകൾ കൃത്യതയോടെ ഉപയോഗിച്ചില്ലെങ്കിൽ അവയെ ചെറുക്കുന്നതിനുള്ള ശേഷിയുള്ള ബാക്ടീരിയകളുടെ എണ്ണം കൂടി ആന്റിബയോട്ടിക് പ്രതിരോധത്തിന് കാരണമാകും
- ഡോക്ടറുടെ കുറിപ്പടി പ്രകാരം, നിർദ്ദേശിക്കപ്പെട്ട കാലയളവിൽ നിശ്ചിത അളവിൽ കൃത്യസമയങ്ങളിൽ മാത്രമേ ആന്റിബയോട്ടിക് കഴിക്കാൻ പാടുള്ളു, കഴിക്കേണ്ട രീതിയെ കുറിച്ച് സംശയങ്ങളുണ്ടെങ്കിൽ ഡോക്ടറോട് ചോദിക്കുക.
- ഒരിക്കൽ നിർദ്ദേശിച്ച മരുന്നുകൾ കുറിപ്പടി ഉപയോഗിച്ച് വീണ്ടും വാങ്ങി കഴിക്കരുത്. കഴിച്ച ആന്റിബയോട്ടിക് മറ്റാരുമായും പങ്കുവയ്ക്കരുത്, ഉപയോഗിച്ച ആന്റിബയോട്ടിക് പൊതുസ്ഥലങ്ങളിലോ ജലാശയങ്ങളിലോ വലിച്ചെറിയരുത്.
- ആന്റിബയോട്ടിക്കുകൾ, ആന്റിവൈറലുകൾ ആന്റ്റിഫംഗലുകൾ, ആന്റിപാരാസൈറ്റിക്കുകൾ എന്നിവയുടെ ഉപയോഗം ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം.

## ദേശീയപാത സർവീസ് റോഡുകൾ വൺവേ ആക്കും

**മലപ്പുറം:** ദേശീയപാത 66 സർവീസ് റോഡുകൾ വൺ വേ ആക്കി മാറ്റാൻ ജില്ലാ കളക്ടർ വി.ആർ. വിനോദിന്റെ അധ്യക്ഷതയിൽ ചേർന്ന റോഡ് സുരക്ഷാ യോഗത്തിൽ തീരുമാനിച്ചു. സർവീസ് റോഡ് തടസ്സപ്പെടുത്തുന്ന ഓട്ടോ സ്റ്റാൻഡുകൾ, വാഹന പാർക്കിങ് എന്നിവ ഒഴിവാക്കാനും അനധികൃത കയ്യേറ്റങ്ങൾ നീക്കം ചെയ്യാനും യോഗത്തിൽ തീരുമാനമായി. ഓട്ടോറിക്ഷ സ്റ്റാൻഡുകളുടെ പുനഃക്രമീകരണത്തിനുള്ള നടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി.

കെ.എസ്.ആർ.ടി.സി ഉൾപ്പടെയുള്ള ദീർഘദൂര ബസ്സുകൾ മാത്രമേ ഹൈവേ വഴി സർവീസ് നടത്താൻ പാടുള്ളൂ. സ്റ്റേജ് ക്യാരേജ് ബസ്സുകൾ സർവീസ് റോഡുള്ള ഭാഗങ്ങളിൽ അത് വഴി മാത്രമേ പോകാവൂ. നിർദിഷ്ട സ്റ്റോപ്പുകളിൽ ബസുകൾ നിർത്തണം. ദേശീയപാതയിൽ ബസ്സുകൾ നിർത്തുകയോ ആളുകളെ കയറ്റുകയോ ഇറക്കുകയോ ചെയ്യരുത്. ഹൈവേയിലെ ക്യാമറകൾ പരിശോധിച്ച് നടപടി സ്വീകരിക്കാനും യോഗത്തിൽ തീരുമാനിച്ചു. ഡ്രൈവർമാരുടെ കാഴ്ചയ്ക്ക് തടസ്സമാകുന്ന രീതിയിൽ റോഡരികിൽ അനധികൃതമായി സ്ഥാപിച്ച പരസ്യബോർഡുകൾ, ബാനറുകൾ, പെട്ടിക്കടകൾ മറ്റ് കച്ചവട സ്ഥാപനങ്ങൾ എന്നിവ നീക്കം ചെയ്യാനും യോഗത്തിൽ തീരുമാനിച്ചു.

യോഗത്തിൽ, പോലീസ്, മോട്ടോർ വാഹന വകുപ്പ്, പിഡബ്ല്യുഡി, പിഡബ്ല്യുഡി എൻഎച്ച് ഡിവിഷൻ, എൻ.എച്ച്.എ.ഐ, കെ.എസ്.ഇ.ബി, എൽ.എസ്.ജി.ഡി, ഹെൽത്ത്, ബിഎസ്എൻഎൽ, കെ.ഡബ്ലിയു.എ തുടങ്ങിയ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുത്തു.

## ഭിന്നശേഷി നിയമനം; പ്രമാണ പരിശോധന ഇന്ന്

**തൃശൂർ:** ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷി സംവരണത്തിനായി വിട്ടുനൽകിയ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും ശുപാർശ ചെയ്തിട്ടുള്ള ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കുള്ള പ്രമാണ പരിശോധന നവംബർ 12ന് തൃശൂർ ഗവ. മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തും. രാവിലെ 9.30ന് എഫ്.ടി.എം. ആൻഡ് ഓഫീസ് അറ്റൻഡന്റ് തസ്തികകളുടേയും ഉച്ചയ്ക്ക് രണ്ടിന് എച്ച്.എസ്.ടി.(ഫിസിക്കൽ സയൻസ്), എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്), എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്), എച്ച്.എസ്.ടി. (മാത്സ്), എച്ച്.എസ്.ടി. (മലയാളം), എച്ച്.എസ്.ടി.(ഇംഗ്ലീഷ്), ജൂനിയർ ലാംഗ്വേജ് ടീച്ചർ(ഹിന്ദി), എൽ.പി.എസ്.ടി., യു.പി.എസ്.ടി. തസ്തികകളുടേയും പ്രമാണ പരിശോധന നടത്തും. അറിയിപ്പ് ലഭിച്ച ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട രേഖകളുടെ അസലും പകർപ്പും സഹിതം കൂടിക്കാഴ്ചയ്ക്ക് കൃത്യസമയത്ത് ഹാജരാകണം. നിശ്ചിത ദിവസം ഹാജരാകാത്തവരെ യാതൊരു കാരണവശാലും നിയമനത്തിന് പരിഗണിക്കുന്നതല്ല എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു.

## കുളമ്പുരോഗത്തിനെതിരെ ജാഗ്രത പുലർത്തണം

**പത്തനംതിട്ട:** കുളമ്പു രോഗത്തിനെതിരെ ജാഗ്രത പുലർത്തണമെന്ന് ജില്ല മൃഗസംരക്ഷണ ഓഫീസർ ഡോ. എസ് സന്തോഷ് അറിയിച്ചു. പിക്കോർണ ഇനത്തിൽപ്പെട്ട ഫുട്ട് ആൻഡ് മൗത്ത് വൈറസ് പരത്തുന്ന കുളമ്പുരോഗം ഇരട്ടകുളമ്പുള്ള മൃഗങ്ങളെയും ബാധിക്കും. ശക്തമായ പനി, വിശപ്പില്ലായ്മ, നൂൽപോലെ ഒലിച്ചിറങ്ങുന്ന ഉമിനീർ, പത നിറഞ്ഞ വായ, കാലിലും അകിടിലും വായിലും കുമിളകളും തുടർന്ന് വ്യണങ്ങളും, നാവിൽ വ്രണങ്ങൾ എന്നിവയാണ് രോഗലക്ഷണങ്ങൾ. ഗർഭം അലസാൻ സാധ്യത, നാല് മാസത്തിൽ താഴെയുള്ള കിടാങ്ങൾ ചത്ത് പോകാനുള്ള സാധ്യത എന്നിവയുണ്ട്.


രോഗമുള്ള മൃഗങ്ങളുമായി നേരിട്ട് സമ്പർക്കം വഴിയും കാറ്റിലൂടെയും കുളമ്പുരോഗം പകരാം. എല്ലാ ഉരുക്കൾക്കും നിർബന്ധമായി പ്രതിരോധ വാക്സിൻ എടുക്കണം. ആദ്യ പ്രതിരോധ കുത്തിവയ്പിന് ശേഷം പ്രതിരോധ ശേഷി കൈവരിക്കാൻ 14-21 ദിവസം എടുക്കും. കുത്തിവയ്പ് പാൽ ഉൽപാദനത്തെ ബാധിക്കില്ല.

രോഗം ബാധിച്ച കാലികൾക്ക് പ്രത്യേക പരിചരണം നൽകണം. തൊഴുത്തും പരിസരവും പാത്രങ്ങളും ദിവസവും അണുവിമുക്തമാക്കണം. കുളമ്പ് രോഗബാധിത പ്രദേശങ്ങളിൽ നിന്ന് കന്നുകാലികൾക്ക് തീറ്റ, വളം തുടങ്ങിയവ കൊണ്ടുപോകരുത്. പുതിയതായി വാങ്ങുന്ന പശുവിനെ മൂന്നാഴ്ചവരെ നിരീക്ഷിച്ച് രോഗം ഇല്ലെന്ന് ഉറപ്പാക്കിയ ശേഷം മറ്റു പശുക്കളുടെ കൂടെ നിർത്തുക.

അലക്കുകാരം 40ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തൊഴുത്തും പരിസരവും വൃത്തിയാക്കണം. നാല് ശതമാനം വീര്യമുള്ള അലക്കുകാരം/ അസെറ്റിക്ആസിഡ് (വിനാഗിരി)/ രണ്ട് ശതമാനം വീര്യമുള്ള സോഡിയം ഹൈഡ്രോക്സൈഡ് /മൂന്ന് ശതമാനം വീര്യമുള്ള സോഡിയം ഹൈപ്പോക്ലോറൈറ്റ് ഇവ ഏതെങ്കിലും ഉപയോഗിച്ച് അണുനശീകരണം നടത്തണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഉറക്കവും വിശപ്പും കളയുന്ന സ്ട്രെസ്സ്; ലക്ഷണങ്ങളെ അവഗണിക്കരുത്



**ദിവ്യ കൃഷ്ണ**
റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് ആൻഡ് എബിഎ തെറാപ്പിസ്റ്റ്,
പ്രയത്ന,കൊച്ചി

സമകാലിക ലോക ക്രിക്കറ്റിലെ ഏറ്റവും മികച്ച ഓൾറൗണ്ടർമാരിൽ ഒരാളാണ് ഇംഗ്ലണ്ട് താരം ബെൻ സ്റ്റോക്സ്. 2021ൽ ക്രിക്കറ്റ് ലോകത്തെ ഞെട്ടിച്ചുകൊണ്ട്, അദ്ദേഹം ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. മാനസിക സമ്മർദം താങ്ങാനാവുന്നില്ലെന്നും, അനിശ്ചിത കാലത്തേക്ക് അവധിയെടുക്കുന്നു എന്നുമായിരുന്നു ആ പ്രഖ്യാപനം. മാനസികാരോഗ്യം വീണ്ടെടുക്കാൻ സമയം വേണമെന്നറിയിച്ച സ്റ്റോക്സ് പിന്നീട് അതേ വർഷം അവസാനം ആഷസ് പരമ്പരയിലൂടെയാണ് ടീമിലേക്ക് തിരിച്ചെത്തിയത്. ഇന്ത്യൻ ഇതിഹാസം വിരാട് കോലിയും 2022 ൽ ഇത്തരത്തിൽ ഒരു മാസം അവധിയെടുത്തതായുള്ള റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

പ്രശസ്തരായവർ മാനസിക സമ്മർദം നേരിടുന്നതായുള്ള വാർത്തകൾ വരുമ്പോൾ അതിനു താഴെ, ഇട്ടുമൂടാനുള്ള സ്വത്തും, സൗകര്യങ്ങളും ഉള്ളവർക്കും സ്ട്രെസ്സോ, അപ്പോ നമ്മൾ ഒക്കെ എന്തു പറയണം എന്ന രീതിയിലുള്ള കമന്റുകൾ ധാരാളം വായിച്ചിട്ടുണ്ടാകും. സ്ട്രെസ് ഏത് സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങളിൽ ഉള്ളയാൾക്കും വരാമെന്ന അവബോധം ഇല്ലാത്തതാണ് അത്തരം കമന്റുകൾക്ക് പിന്നിലെ കാരണം. അതുകൊണ്ട് തന്നെയാണ് നവംബർ മാസത്തിൽ അന്താരാഷ്ട്ര സ്ട്രെസ് ബോധവത്കരണ വാരം ആചരിക്കുന്നതിന് പ്രസക്തിയേറുന്നതും.

**എന്താണ് മാനസിക സമ്മർദ്ദം?**

സ്ട്രെസ് വർത്തമാന കാലത്തെ തിരക്കേറിയ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. യാതൊരു സമ്മർദ്ദമോ ആശങ്കകളോ ഇല്ലാത്ത സമാധാനപരമായ ജീവിതം, പലർക്കും ഇന്ന് സ്വപ്നം മാത്രമാണ്. നമ്മൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധികളോട് ശരീരം പ്രതികരിക്കുന്ന രീതിയാണ് സ്ട്രെസ് അഥവാ മാനസിക പിരിമുറുക്കമെന്ന് ലളിതമായി പറയാം. ഓഫീസിലെ ഡെഡ്ലൈനുകൾ, വീട്ടിലെ ഉത്തരവാദിത്തങ്ങൾ, ബന്ധങ്ങളിലെ വിള്ളലുകൾ, സാമ്പത്തിക പ്രശ്നങ്ങൾ, അങ്ങനെ നമ്മൾ നേരിടുന്ന പ്രതിസന്ധി വ്യത്യസ്തമായിരിക്കാം എന്നു മാത്രം.

ഒന്നിന് പുറകെ ഒന്നായി വരുന്ന ഈ വെല്ലുവിളികൾക്കിടയിൽ, നമ്മളറിയാതെ നമ്മുടെ മനസ്സിന്റെ താളം തെറ്റുന്നു. നെഞ്ചിലൊരു ഭാരമായി, ഉറക്കമില്ലാത്ത രാത്രികളായി, ചെറിയ കാര്യങ്ങൾക്കുപോലും ദേഷ്യം വരുന്ന അവസ്ഥയായി, 'മാനസിക സമ്മർദ്ദം' അഥവാ 'സ്ട്രെസ്' നമ്മളിൽ കയറിക്കൂടുന്നു.

**മാനസിക സമ്മർദ്ദത്തിന്റെ ചില പ്രധാന കാരണങ്ങൾ**

ജോലിഭാരം അല്ലെങ്കിൽ തൊഴിലില്ലായ്മ, ഉയർന്ന മത്സരമുള്ള തൊഴിൽ മേഖലയിലെ അതിജീവനത്തിനായുള്ള നെട്ടോട്ടവും, ഓരോ മാസവും നിശ്ചയിക്കപ്പെട്ട ടാർഗറ്റും, മേലധികാരികളിൽ നിന്നുള്ള കുത്തുവാക്കുകളും സ്ട്രെസിലേക്ക് നയിക്കാം. അതുപോലെ തന്നെയാണ് ഒരു ജോലിയില്ലാത്തതിനാലുള്ള അരക്ഷിതാവസ്ഥയും.

സാമ്പത്തിക ബാധ്യതകൾ, ലോണുകൾ, കടങ്ങൾ, വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകൾ എന്നിവ സാധാരണക്കാരന്റെ ഉറക്കം കെടുത്തുന്നു.ബന്ധങ്ങളിലെ താളപ്പിഴകൾ, ദാമ്പത്യപ്രശ്നങ്ങൾ, കുടുംബാംഗങ്ങൾ തമ്മിലുള്ള അകൽച്ച, പ്രിയപ്പെട്ടവരുടെ വേർപാട്, ബന്ധങ്ങളിൽ ശരിയായ ആശയവിനിമയം ഇല്ലാത്തതെല്ലാം മാനസിക പിരിമുറുക്കം സൃഷ്ടിച്ചേക്കാം. സ്വന്തമോ വേണ്ടപ്പെട്ടവർക്കോ വന്ന അപ്രതീക്ഷിത രോഗങ്ങൾ ഉണ്ടാക്കുന്ന മാനസിക സംഘർഷം.

സമൂഹത്തിൽ മിടുക്കരായി അല്ലെങ്കിൽ വിജയിച്ചവരായി നിലനിൽക്കാനുള്ള ബാധ്യതയും, മറ്റുള്ളവരുമായി നിരന്തരം താരതമ്യം ചെയ്യപ്പെടുന്നതിലൂടെയും സൃഷ്ടിക്കപ്പെടുന്ന സമ്മർദം.സാമൂഹിക മാധ്യമങ്ങളിലെ അതിപ്രസരം, നിരന്തരമായ നോട്ടിഫിക്കേഷനുകൾ, വിവരങ്ങളുടെ ഒഴുക്ക് എന്നിവ മനസ്സിന് വിശ്രമം നൽകാത്ത അവസ്ഥ സൃഷ്ടിക്കുന്നു. ജെൻ സി എന്ന് വിശേഷിപ്പിക്കുന്ന യുവ തലമുറയിലാണ് സാങ്കേതികവിദ്യയുടെ സ്വാധീനത്തിൽ മാനസിക പിരിമുറുക്കം കൂടുതലായും കണ്ടുവരുന്നത്.

> **സ്ട്രെസ് വർത്തമാന കാലത്തെ തിരക്കേറിയ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. യാതൊരു സമ്മർദ്ദമോ ആശങ്കകളോ ഇല്ലാത്ത സമാധാനപരമായ ജീവിതം, പലർക്കും ഇന്ന് സ്വപ്നം മാത്രമാണ്. നമ്മൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധികളോട് ശരീരം പ്രതികരിക്കുന്ന രീതിയാണ് സ്ട്രെസ് അഥവാ മാനസിക പിരിമുറുക്കമെന്ന് ലളിതമായി പറയാം. ഓഫീസിലെ ഡെഡ്ലൈനുകൾ, വീട്ടിലെ ഉത്തരവാദിത്തങ്ങൾ, ബന്ധങ്ങളിലെ വിള്ളലുകൾ, സാമ്പത്തിക പ്രശ്നങ്ങൾ, അങ്ങനെ നമ്മൾ നേരിടുന്ന പ്രതിസന്ധി വ്യത്യസ്തമായിരിക്കാം എന്നു മാത്രം.**

**മാനസിക സമ്മർദ്ദത്തിന്റെ ലക്ഷണങ്ങൾ**

ശാരീരികവും മാനസികവുമായ നിരവധി ലക്ഷണങ്ങളിലൂടെ മാനസിക സമ്മർദ്ദം പ്രകടമാവാം. പതിവായ തലവേദന, കഴുത്തിലും തോളുകളിലും വേദന, നെഞ്ചെരിച്ചിൽ, ദഹനപ്രശ്നങ്ങൾ, അമിതമായ ക്ഷീണം, ഉറക്കമില്ലായ്മ അല്ലെങ്കിൽ അമിതമായ ഉറക്കം, അമിതമായ ഉത്കണ്ഠ, വിഷാദം, ചെയ്യുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കാതിരിക്കുക, മറവി, നിരാശ, ആശയക്കുഴപ്പം.



മുൻകോപം, പെട്ടെന്ന് കരയുക, അമിതമായി ഭക്ഷണം കഴിക്കുകയോ തീരെ കഴിക്കാതിരിക്കുകയോ ചെയ്യുക, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങളിലേക്ക് കടക്കുക, സ്വയം ഉൾവലിയുക, മറ്റുള്ളവരിൽ നിന്ന് അകന്നുമാറി ഇരിക്കുക എന്നിവയെല്ലാം സ്ട്രെസിന്റെ ലക്ഷണങ്ങളാകാം.

**സമ്മർദ്ദത്തെ എങ്ങനെ കൈകാര്യം ചെയ്യാം**

സമ്മർദ്ദം എന്നതൊരു രോഗമല്ല. മറിച്ച് ജീവിത സാഹര്യങ്ങളാൽ രൂപപ്പെട്ട മാനസികാവസ്ഥയാണ്. അതിനെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിലാണ് നമ്മുടെ വിജയം. ദിനചര്യയിൽ മാറ്റങ്ങൾ വരുത്തുക. ദിവസവും അരമണിക്കൂറെങ്കിലും നടക്കുകയോ, ഇഷ്ടമുള്ള വ്യായാമങ്ങളിലോ, കായിക വിനോദങ്ങളിലോ ഏർപ്പെടുന്നത് സ്ട്രെസ് ഹോർമോണുകളെ കുറയ്ക്കാൻ സഹായിക്കും. പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ എന്നിവ അടങ്ങിയ പോഷകസമ്പുഷ്ടമായ ഭക്ഷണം കഴിക്കുക. അമിതമായ കഫീനും പഞ്ചസാരയും ഒഴിവാക്കുക. ലഹരിയെ പടിക്ക് പുറത്താക്കുക. ദിവസവും ഏഴോ എട്ടോ മണിക്കൂർ സുഖമായി ഉറങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഉറങ്ങുന്നതിന് ഒരു മണിക്കൂർ മുൻപെങ്കിലും മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് നിർത്തുക. ആ സമയം വായനക്കോ, പ്രിയപ്പെട്ടവരോട് സംസാരിക്കാനോ വിനിയോഗിക്കുക.

**മനസ്സിനെ ശാന്തമാക്കുക**

ദിവസവും അൽപ്പസമയം ശാന്തമായി കണ്ണടച്ചിരുന്ന് ശ്വാസോച്ഛ്വാസം നടത്തുകയോ, ധ്യാനത്തിൽ ഏർപ്പെടുകയോ ചെയ്യാം. കൂടാതെ ചെയ്യുന്ന പ്രവർത്തികളിൽ, കൂടുതൽ ശ്രദ്ധ കൊടുക്കുക. അതുവഴി മനസ്സ് പലതിലേക്കും വ്യതിചലിക്കുന്നത് നിയന്ത്രിക്കാനാകും. ടെൻഷൻ തോന്നുമ്പോൾ, ശ്വാസം ഉള്ളിലേക്കെടുത്ത് പതിയെ പുറത്തുവിടുക. ഇത് നാഡീവ്യവസ്ഥയെ ശാന്തമാക്കും. ഹോബികൾക്കായി സമയം കണ്ടെത്തുക: ഇഷ്ടപ്പെട്ട പാട്ട് കേൾക്കുക, പുസ്തകം വായിക്കുക, സിനിമ കാണുക പൂന്തോട്ടപരിപാലനം, യാത്രകൾ, വരയ്ക്കുക തുടങ്ങി, നിങ്ങൾ ചെയ്യാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങൾക്കായി ദിവസവും അല്പം സമയം മാറ്റിവയ്ക്കുക. ഇത് നിങ്ങളുടെ മനസ്സിന് ഉന്മേഷം നൽകും.

കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും തുറന്ന് സംസാരിക്കുക. ഒറ്റയ്ക്കാണെന്ന തോന്നൽ ഇല്ലാതാക്കാൻ ഇത് സഹായിക്കും. പറ്റുമെങ്കിൽ വണ്ടിയുമെടുത്ത് പ്രിയപ്പെട്ടവർക്കൊപ്പം ഒരു നൈറ്റ് ഡ്രൈവാകാം.

**നോ പറയാൻ പഠിക്കുക**

ശബ്ദ താരാവലിയിൽ ഏറ്റവും ചെറിയ വാക്കുകളിൽ ഒന്നാണെങ്കിലും, പലർക്കും പറയാൻ ഏറെ ബുദ്ധിമുട്ടുള്ള വാക്കാണ് നോ. ഞാൻ പറ്റില്ല എന്നു പറഞ്ഞാൽ അവരെന്ത് വിചാരിക്കും, മോശമല്ലേ എന്നെല്ലാം കരുതി, പലതും ഏറ്റെടുക്കുന്നത് നമ്മുടെ മനസ്സിനെ ബുദ്ധിമുട്ടിലാക്കുകയേ ഉള്ളൂ. നിങ്ങൾക്ക് ചെയ്യാൻ കഴിയാത്തതോ, കൂടുതൽ സമ്മർദ്ദമുണ്ടക്കാൻ ഇടയുള്ളതോ ആയ കാര്യങ്ങളോട് 'നോ'പറയാൻ മടിക്കരുത്. നിങ്ങൾ ആദ്യം നിങ്ങളെ തന്നെ വേണം സ്നേഹിക്കാനും, പരിപാലിക്കാനും പഠിക്കാൻ.

**പ്രൊഫഷണൽ സഹായം തേടുക**

സമ്മർദ്ദം താങ്ങാൻ കഴിയുന്നതിലും അപ്പുറമാണെന്നും, നിങ്ങൾക്ക് സ്വയം കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല എന്നും തോന്നിയാൽ ഒരു കൗൺസിലറെയോ സൈക്കോളജിസ്റ്റിനെയോ കാണാൻ മടിക്കരുത്. മാനസികാരോഗ്യ വിദഗ്ദ്ധരുടെ സഹായം തേടുന്നത് ഒരു കുറവായി കാണേണ്ടതില്ല.

**മനസ്സിനെ സ്നേഹിക്കൂ**

മാനസിക സമ്മർദ്ദം ജീവിതത്തിന്റെ ഭാഗമാണ്. എന്നാൽ അത് ജീവിതത്തെ നിയന്ത്രിക്കാൻ അനുവദിക്കരുത്. നമ്മുടെ മനസ്സിനെ കേൾക്കാനും, പരിചരിക്കാനും പഠിക്കണം. നല്ല ഉറക്കം, അർത്ഥപൂർണമായ സംഭാഷണങ്ങൾ, സമയം ചിലവഴിക്കൽ, ഇതെല്ലാം തന്നെ വലിയ മാറ്റങ്ങൾ കൊണ്ടുവരും. നിങ്ങൾ നിങ്ങളോട് തന്നെ കരുണ കാണിക്കുക, ആഴത്തിൽ ശ്വാസമെടുക്കുക. എന്നിട്ട്, ജീവിതത്തിന്റെ വെല്ലുവിളികളെ ശാന്തമായ മനസ്സോടെ അഭിമുഖീകരിക്കുക. കാരണം, ജീവിതം നമുക്ക് ആസ്വദിക്കാനുള്ളതാണ്, സമ്മർദ്ദത്തിലാകാനുള്ളതല്ല.

# ഭരണഭാഷാവാരാചരണം സമാപിച്ചു

**മലപ്പുറം:** സംസ്ഥാനത്ത് ഭരണ ഭാഷ മലയാളം ആക്കിയതിലൂടെ എല്ലാവർക്കും സർക്കാർ ഉത്തരവുകൾ വായിക്കാനും അറിയാനും സാധിക്കുന്നുവെന്നും എന്നാൽ കോടതി ഉത്തരവുകൾ ഇപ്പോഴും ഇംഗ്ലീഷ് ഭാഷയിൽ ആണെന്നും ഇത് മലയാളികരിക്കാൻ ഇടപെടൽ വേണമെന്നും പി. ഉബൈദുല്ല എം.എൽ.എ പറഞ്ഞു. ജില്ലാ ഭരണകൂടവും ജില്ലാ ഇൻഫർമേഷൻ ഓഫീസും ജില്ലാ സാക്ഷരതാ മിഷനും സംയുക്തമായി സംഘടിപ്പിച്ച മലയാള ദിനാഘോഷവും ഭരണ ഭാഷാ വാരാചരണവും പരിപാടിയുടെ ജില്ലാതല സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മലയാള ഭാഷ സംസ്കാരവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. മലയാളി മറ്റു ഭാഷകൾ പഠിക്കാൻ തയ്യാറാകുന്നത് ആ സംസ്കാരത്തിന്റെ ഭാഗമാണ്. ഭാഷയുടെ ഉപയോഗം പോലെ തന്നെ കേരളം ഇന്ത്യയ്ക്ക് പല കാര്യത്തിലും മാതൃക ആണ്. മാതൃഭാഷ എല്ലായിടത്തും ഉപയോഗിക്കുകയും അതിനു വേണ്ട പ്രചരണം നൽകുകയും വേണമെന്നും എം.എൽ.എ അഭിപ്രായപ്പെട്ടു. സാക്ഷരതയിൽ ഒന്നും രണ്ടും ഘട്ടങ്ങളിൽ മുന്നിലെത്താൻ മലപ്പുറം ജില്ലയ്ക്ക് സാധിച്ചു. 100 ശതമാനം സാക്ഷരത നേടിയ ജില്ലയായി മാറാൻ കഴിഞ്ഞ മലപ്പുറം കംപ്യൂട്ടർ സാക്ഷരതയിലും മുന്നേറി. അക്ഷയ പദ്ധതിയുടെ പൈലറ്റ് പ്രൊജക്റ്റ് ആയി ജില്ലയെ തിരഞ്ഞെടുക്കാനും കാരണമായി. ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചു ഡിഗ്രി തലത്തിൽ തുല്യത പഠനത്തിൽ ജില്ലയിൽ നാലു സെന്ററുകൾ യാഥാർഥ്യമാക്കി. ഡിഗ്രി തുല്യതക്ക് ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ ലഭിച്ച ജില്ലയായി മലപ്പുറം മാറിയെന്നും ഉബൈദുല്ല എം.എൽ.എ പറഞ്ഞു.

ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റ് മിനി ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ. മുഹമ്മദ് അധ്യക്ഷത വഹിച്ചു. പരിപാടിയോടനുബന്ധിച്ചു പ്ലസ്ടു തുല്യത പഠിതാക്കൾക്കായി നടത്തിയ കവിതാലാപന മത്സരത്തിൽ 20 ഓളം പേർ പങ്കെടുത്തു. മത്സരത്തിൽ എം. ഫസ്ന ഒന്നാം സ്ഥാനം നേടി. എം.പി. ശ്രീപ്രിയ രണ്ടും എം. പാത്തുമ്മകുട്ടി മൂന്നും സ്ഥാനം നേടി. ഇവർക്ക് യഥാക്രമം, 1500, 1000, 750 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മെഡലും നൽകി. സമ്മാനദാനം ഉബൈദുള്ള എം.എൽ.എ നിർവഹിച്ചു. പരിപാടിയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസിലെ അസിസ്റ്റന്റ് എഡിറ്റർ ഐ.ആർ. പ്രസാദ് മലയാളം ഭാഷ പ്രയോഗവത്ക്കരണം സംബന്ധിച്ചു വിശദീകരണം നടത്തി. ഹയർ സെക്കൻഡറി തുല്യത പരീക്ഷയിൽ നൂറുശതമാനം വിജയം നേടിയ മാജിത ഷെറിനെ ആദരിച്ചു. പ്രഥമ പച്ചമലയാളം കോഴ്സ് പൂർത്തീകരിച്ച ഫാത്തിമ സന, താര ഷെറിൻ എന്നിവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്റർ പി.വി. ശാസ്ത പ്രസാദ് സ്വാഗതം പറഞ്ഞു. കെ. മൊയ്ദീൻ കുട്ടി, കൃഷ്ണൻ മങ്കട തുടങ്ങിയവർ സംസാരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസ് ജീവനക്കാർ, ജില്ലാ സാക്ഷരത മിഷൻ ഓഫീസ് ജീവനക്കാർ, തുല്യതാ പഠിതാക്കൾ, കോർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാൻ അടിയന്തര നടപടികൾ: മന്ത്രി റോഷി അഗസ്റ്റിൻ

**കൊച്ചി:** തമ്മനത്ത് ജല അതോറിറ്റിയുടെ കുടിവെള്ള ടാങ്ക് തകർന്ന സംഭവത്തിൽ കുടിവെള്ള വിതരണം തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ജല വിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ ദുരന്ത നിവാരണ നിയമ പ്രകാരമാണ് നടപടികൾ സ്വീകരിക്കുക എന്നും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിൽ മന്ത്രി വ്യക്തമാക്കി.

രണ്ട് കമ്പാർട്ടുമെന്റുകളായി നിർമ്മിച്ചിട്ടുള്ള ടാങ്കിന്റെ ഒരു കമ്പാർട്ട്മെന്റിനാണ് നാശം സംഭവിച്ചത്. 68 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള രണ്ട് കമ്പാർട്ട്മെന്റുകളും പരസ്പരം ബന്ധിപ്പിച്ചിട്ടുണ്ടായിരുന്നു. അടിയന്തരമായി ഇത് അടയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. ആലുവ, മരട് എന്നിവിടങ്ങളിൽ നിന്നായിരുന്നു ടാങ്കിലേക്ക് വെള്ളം ലഭിച്ചിരുന്നത്. ഇതിൽ മരടിൽ നിന്നുള്ള വെള്ളം, നിലവിൽ തകർന്ന കമ്പാർട്ട്മെന്റിലേക്കായിരുന്നു എത്തിയിരുന്നത്. ഇത് രണ്ടാമത്തെ കമ്പാർട്ട്മെന്റിലേക്ക് തിരിച്ച് വിടേണ്ടതുണ്ട്. ഇതിന് പുറമേ രണ്ടാമത്തെ കമ്പാർട്ട്മെന്റിലും ചെറിയ തോതിലുള്ള ചോർച്ച ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത് കൂടി പരിഹരിച്ച ശേഷമായിരിക്കും കുടിവെള്ള വിതരണം പുനരാരംഭിക്കുക.

പമ്പിംഗ് സിസ്റ്റം വീണ്ടും പ്രവർത്തനക്ഷമമായ ശേഷം കുടിവെള്ള വിതരണത്തിന്റെ സമയക്രമത്തിൽ മാറ്റം വരുത്തും. രാവിലെ മൂന്ന് മുതൽ അഞ്ച് വരെയും ഒൻപത് മുതൽ 11 വരെയും വൈകിട്ട് മൂന്ന് മുതൽ അഞ്ച് വരെയുമാകും പമ്പിംഗ് നടത്തുക.

നേരത്തെ 1.35 കോടി ലിറ്റർ വെള്ളം സംഭരിക്കാൻ കഴിഞ്ഞിരുന്നിടത്ത് ഇപ്പോൾ 68 ലക്ഷം ലിറ്റർ മാത്രമാണ് സംഭരിക്കാനാകു. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി രണ്ടാമത്തെ കമ്പാർട്ട്മെന്റിൽ സംഭരിക്കുന്ന വെള്ളത്തിന്റെ അളവ് നാല് മീറ്ററിൽ നിന്ന് 4.2 മീറ്ററാക്കി വർദ്ധിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. ഇതുവഴി 85 ലക്ഷം ലിറ്റർ വെള്ളം വരെ ഈ കമ്പാർട്ട്മെന്റിൽ സംഭരിക്കാൻ ആകും.

നിലവിലത്തെ സാഹചര്യത്തിൽ വിദൂര പ്രദേശങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടും. ഇവിടങ്ങളിലേക്ക് ടാങ്കർ ലോറികൾ വഴി കുടിവെള്ളം എത്തിക്കാനാണ് തീരുമാനം. ഇതിന് വേണ്ട വാഹനങ്ങൾ ആർ.ടി.ഒ യുടെ സഹായത്തോടെ ലഭ്യമാക്കും. ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓൺലൈനായി യോഗം ചേരും. ടാങ്കർ ലോറികൾക്ക് എത്തിപ്പെടാൻ സാധിക്കാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിനായി അവിടങ്ങളിൽ 5,000 ലിറ്ററോ 10,000 ലിറ്ററോ ശേഷിയുള്ള ടാങ്കുകൾ സ്ഥാപിക്കും. കൊച്ചി കോർപ്പറേഷൻ, ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്ത് എന്നിവരാണ് ടാങ്കർ സ്ഥാപിക്കേണ്ട പ്രദേശങ്ങൾ കണ്ടെത്തുന്നത്. ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ നേതൃത്വത്തിലായിരിക്കും പ്രവർത്തനങ്ങൾ നടക്കുന്നത്. ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ കെ മനോജിനാണ് ഏകോപന ചുമതല.

തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് പണം ഈടാക്കേണ്ടതില്ലെന്ന് ജല അതോറിറ്റിക്ക് യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പച്ചാളത്ത് നിർമ്മാണം പൂർത്തിയായ കുടിവെള്ള സംഭരണി പ്രവർത്തനക്ഷമമാക്കിയാൽ പച്ചാളം, വടുതല ഭാഗങ്ങളിലെ കുടിവെള്ള വിതരണം സുഖമമാക്കാനാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

എറണാകുളം ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ ഹൈബി ഈഡൻ എം.പി, ഉമ്മ തോമസ് എം.എൽ.എ, ടി.ജെ വിനോദ് എം.എൽ.എ, ജില്ലാ കളക്ടർ ജി. പ്രിയങ്ക, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ കെ. മനോജ്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കായിക സ്വപ്നങ്ങൾക്ക് ചിറകായി ഗെറ്റ് സെറ്റ് തൃശ്ശൂർ

**തൃശ്ശൂർ:** ജില്ലയിലെ വിദ്യാർത്ഥികളുടെ കായിക രംഗത്തെ സ്വപ്നങ്ങൾക്ക് കരുത്തേകാൻ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഗെറ്റ് സെറ്റ് തൃശ്ശൂർ പദ്ധതിക്ക് കൂടുതൽ പിന്തുണ. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 15 സർക്കാർ വിദ്യാലയങ്ങൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ കൈമാറി. കളക്ടറേറ്റ് ഐ.എൽ.ഡി.എം ഹാളിൽ നടന്ന ചടങ്ങിൽ, നിറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ് കമ്പനിയുടെ സി.എസ്.ആർ ഫണ്ടിൽ നിന്നും സ്പോൺസർ ചെയ്ത ഏഴ് ലക്ഷം രൂപയുടെ ചെക്ക് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ വിതരണം ചെയ്തു.

മീറ്റ് ദി കളക്ടർ പരിപാടിയിൽ പങ്കെടുത്ത് കായിക കിറ്റുകൾ നൽകണമെന്ന് അഭ്യർത്ഥിച്ച സ്കൂളുകൾക്കാണ് ഈ സഹായം ലഭിച്ചത്. വിദ്യാർത്ഥികളിൽ കായികക്ഷമതയും കായിക സംസ്കാരവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കളക്ടറുടെ നേതൃത്വത്തിൽ ഗെറ്റ് സെറ്റ് തൃശ്ശൂർ പദ്ധതി നടപ്പിലാക്കുന്നത്.

കായിക മേഖലയ്ക്ക് വിവിധ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടുകൾ വഴി ഇതിനോടകം 25 ലക്ഷം രൂപയുടെ പിന്തുണയാണ് ജില്ലാ ഭരണകൂടത്തിന് ലഭിച്ചത്. ഇതിനു മുന്നോടിയായി 11 സ്കൂളുകൾക്ക് സൈക്കിളുകളും പോൾവാൾട്ടും ഉൾപ്പെടെ 11 ലക്ഷം രൂപയുടെ കായിക കിറ്റുകൾ സി.എസ്.ആർ ഫണ്ട് വഴി നൽകിയിരുന്നു. കൂടാതെ, കെ.എസ്.എഫ്.ഇയുടെ സി.എസ്.ആർ സഹായത്തോടെ സെന്റ് ആൻസ് സ്കൂളിന് 7.5 ലക്ഷം രൂപയുടെ ബാസ്കറ്റ്ബോൾ കോർട്ടിനുള്ള സഹായവും ലഭ്യമാക്കി. മറ്റു സി.എസ്.ആർ ഫണ്ടുകൾ ഉപയോഗിച്ചും കായിക മേഖലയ്ക്ക് പിന്തുണ നൽകിയിട്ടുണ്ട്. ജില്ലയിലെ കായിക മേഖലയ്ക്ക് കൂടുതൽ വളർച്ച കൈവരിക്കാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്ന് കളക്ടർ അഭിപ്രായപ്പെട്ടു. വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഫണ്ട് വിനിയോഗിച്ചാണ് ഗെറ്റ് സെറ്റ് തൃശ്ശൂർ പദ്ധതി നടപ്പിലാക്കുന്നത്. സ്കൂളുകളിലേക്ക് ആവശ്യമായ കായിക കിറ്റ് വിതരണം, മാരത്തോൺ, സൈക്ലിംഗ് തുടങ്ങിയ കായിക ഇനങ്ങളുടെ സംഘാടനം എന്നിവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ ഗ്രൗണ്ടുകൾ വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കുന്നുണ്ട്.



# മാടമ്പ് കുഞ്ഞുകുട്ടൻ പുരസ്കാരം സമ്മാനിച്ചു

**കൊച്ചി:** അന്താരാഷ്ട്ര പുസ്തകോത്സവ സമിതി സാഹിത്യകാരൻ മാടമ്പ് കുഞ്ഞുകുട്ടന്റെ സ്മരണയ്ക്കായി സംഘടിപ്പിച്ച കഥാ മത്സരത്തിലെ വിജയികൾക്കുള്ള പുരസ്കാരങ്ങൾ ശ്രീമൂലനഗരം മോഹനൻ സമ്മാനിച്ചു. യു.എസ്. രവീന്ദ്രൻ, ജാൻ അബുദാബി എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. തിരഞ്ഞെടുത്ത കഥകൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പ്രകാശനവും നടന്നു. ജി.കെ. പിള്ള തെക്കേടത്ത് അധ്യക്ഷനായി. കാ.ഭാ.സുരേന്ദ്രൻ, യൂനസ് വിനോഡ, ആശാലത എന്നിവർ സംസാരിച്ചു. ഗ്രന്ഥവാഹക് പദ്ധതി സംബന്ധിച്ച് റിനു സംസാരിച്ചു. തുടർന്ന് നടന്ന സാഹിത്യകാരസംഗമത്തിൽ നൂറിലധികം പേർ സ്വന്തം രചനകൾ അവതരിപ്പിച്ചു. 23 ഭാഷകളിലെ സാഹിത്യകാരന്മാർ പങ്കെടുത്ത ഭാഷാ സംഗമവും നടന്നു.

# ശിശുദിനാഘോഷം നവംബർ 14ന് വിപുലപരിപാടികളോടെ ആഘോഷം

**കൊല്ലം:** ജില്ലയിൽ ശിശുദിനാഘോഷം വിപുലമായി സംഘടിപ്പിക്കുമെന്ന് ചേമ്പറിൽ ചേർന്ന സംഘാടകസമിതി യോഗത്തിൽ അധ്യക്ഷനായ ജില്ലാ കലക്ടർ എൻ ദേവിദാസ്. വിവിധ സർക്കാർ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കും. 14ന് രാവിലെ 8.30ന് ചിന്നക്കട ക്രേവൻ എൽ എം എസ് ഹൈസ്കൂളിൽ ശിശുദിനറാലിക്ക് തുടക്കമാകും. റെയിൽവേ സ്റ്റേഷൻ വഴി കൊല്ലം എസ് എൻ കോളേജിൽ സമാപിക്കും. എസ് പി സി, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, എൻ സി സി കേഡറ്റുകൾ അണിനിരക്കും. മികച്ചതായി തിരഞ്ഞെടുക്കുന്ന സ്കൂളിന് സമ്മാനം നൽകും.

എസ് എൻ കോളേജിൽ ശിശുദിന സമ്മേളനം കുട്ടികളുടെ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും; പ്രസിഡന്റ് അധ്യക്ഷനുമാകും. 1300 കുട്ടികൾ പങ്കെടുക്കും. അടിയന്തര വൈദ്യസഹായം, ആംബുലൻസ് സേവനം എന്നിവ ഏർപ്പെടുത്തും. കുടിവെള്ളം ഉറപ്പാക്കുന്നതിനും ഗതാഗത നിയന്ത്രണത്തിനും ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തി. നവംബർ 12ന് മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്വിസ്മത്സരം നടത്തും; പ്രദർശനം എസ് എൻ കോളേജിൽ സംഘടിപ്പിക്കും.

ശിശുക്ഷേമസമിതി ജില്ലാ സെക്രട്ടറി ഡി. ഷൈൻദേവ്, വകുപ്പുതലഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# നീണ്ടൂരിൽ കുടുംബാരോഗ്യ കേന്ദ്രവും സബ് സെന്ററുകളും വരുന്നു

**കോട്ടയം :** നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ ഓണംതുരുത്തിൽ പുതിയതായി നിർമിക്കുന്ന കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും കൈപ്പുഴ, നീണ്ടൂർ സൗത്ത് എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന സബ് സെന്ററുകളുടെ ശിലാസ്ഥാപന കർമ്മവും സഹകരണം തുറമുഖം ദേവസ്വം വകുപ്പ് മന്ത്രി വി.എൻ വാസവൻ നിർവഹിച്ചു.

കൈപ്പുഴ സെന്റ് ജോർജ് വി.എച്ച്.എസ്. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ പ്രദീപ് അധ്യക്ഷത വഹിച്ചു.

ദേശീയ ആരോഗ്യ ദൗത്യം വഴി 1.43 കോടി രൂപ ചെലവിട്ടാണ് കുടുംബാരോഗ്യ കേന്ദ്ര നിർമാണം. സബ് സെന്ററുകൾ 55 ലക്ഷം രൂപ വീതം ചെലവിടും.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആലീസ് ജോസഫ്, സ്ഥിരം സമിതി അധ്യക്ഷരായ പി.ഡി ബാബു, എം.കെ ശശി, കെ.എസ് രാഗിണി, ബ്ലോക്ക് പഞ്ചായത്ത് അംഗം തോമസ് കോട്ടൂർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ഷൈനി ഷാജി, ഷൈനു ഓമനക്കുട്ടൻ, മരിയ ഗോരേത്തി, ലൂയി മേടയിൽ, മായ ബൈജു, പുഷ്പമ തോമസ്, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.വ്യാസ് സുകുമാരൻ തുടങ്ങിയവർ പങ്കെടുത്തു.

## ഡോ.ജെ. അലക്സാണ്ടർ പുരസ്കാരം

# ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിദീയൻ ബാവയ്ക്ക്



**കൊച്ചി:** ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് ഏർപ്പെടുത്തിയ ഡോ. ജെ. അലക്സാണ്ടർ പുരസ്കാരം മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ പരമാധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിദീയൻ ബാവയ്ക്ക് നവംബർ 15 ന് കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ സമ്മാനിക്കുമെന്ന് ഐ.സി.എം വൈസ് പ്രസിഡന്റ് വി.കെ വർഗ്ഗീസ്, മാനേജിംഗ് ട്രസ്റ്റി അഡ്വ. കെ.വി സാബു, അഡ്വ. ആശാ പോൾ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

17 ഓളം ചാരിറ്റി സംഘടനങ്ങൾക്ക് നേതൃത്വം വഹിക്കുന്നത് കൂടാതെ ആശുപത്രികളിൽ രോഗികൾക്ക് അടക്കം സ്വന്തം നിലയിൽ സൗജന്യ ഭക്ഷണവിതരണമുൾപ്പെടെ അനേകം കാരണ്യ പ്രവർത്തനങ്ങളാണ് മോറാൻ മോർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിദീയൻ ബാവ സമൂഹത്തിൽ നടത്തിവരുന്നത്. അദ്ദേഹത്തിന്റെ സമാനതകളില്ലാത്ത സാമൂഹ്യപ്രവർത്തനങ്ങൾക്കുള്ള തങ്ങളുടെ ആദരം കൂടിയാണ് ഇത്തവണത്തെ പുരസ്ക്കാരം മോർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിദീയൻ ബാവയ്ക്ക് നൽകാൻ തീരുമാനിച്ചതെന്നും ഐ.സി.എം ഭാരവാഹികൾ പറഞ്ഞു. എറണാകുളം ഹോളിഡേ ഇൻ ഹോട്ടലിൽ രാവിലെ ഒമ്പതിന് നടക്കുന്ന സമ്മേളനത്തിൽ ഐ.സി.എം പ്രസിഡന്റ് ഡോ. ജോൺ ജോസഫ് ഐ.ആർ.എസ് അധ്യക്ഷത വഹിക്കും.

അഡ്വ. കെ.വി സാബു എഴുതിയ 'ഹൗസ് ഓഫ് ലോർഡസ്' എന്ന പുസ്തകത്തിന്റെ പ്രകാശനവും ചടങ്ങിൽ നടക്കും. കെ.വി സാബുവിന്റെ മൂന്നാമത്തെ പുസ്തകമാണിത്. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എസ്. മനു പുസ്തകത്തിന്റെ കോപ്പി മുൻ ജഡ്ജി ജസ്റ്റിസ് മേരി ജോസഫിന് നൽകി പ്രകാശനം നിർവ്വഹിക്കും. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. ഗോപിനാഥ് ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ, ഹൈബി ഈഡൻ എം.പി, മുൻ എം.എൽ.എ അഡ്വ. എം. എം മോനായി, കോർഎപ്പിസ്കോപ്പ റവ. ഫാ. ഐസക്ക്, അഡ്വ. കുര്യാക്കോസ് വർഗ്ഗീസ്, പി.ബി ബോസ്, ലിസി ബിജു തുടങ്ങിയവർ പങ്കെടുക്കും.

# ദേശീയ കാർട്ടിംഗ് ചാമ്പ്യൻഷിപ്പ്: തുടർജയങ്ങളുമായി കിയാനും കൃഷും

**കൊച്ചി:** എഫ്.എം.എസ്.സി.ഐ നാഷണൽ റോട്ടാക്സ് കാർട്ടിംഗ് ചാമ്പ്യൻഷിപ്പിന്റെ ജൂനിയർ വിഭാഗത്തിൽ 5,6 റൗണ്ടുകളിൽ തുടർജയങ്ങളുമായി റേസിംഗ് താരങ്ങളായ കിയാൻ ഷായും കൃഷ് ഗുപ്തയും. സീനിയർ വിഭാഗത്തിൽ അവസാന രണ്ട് റൗണ്ടുകളിൽ യഥാക്രമം മൂന്നാം സ്ഥാനത്തും രണ്ടാം സ്ഥാനത്തും ഫിനിഷ് ചെയ്താണ് കൃഷ് ഗുപ്ത മികച്ച പ്രകടനം കാഴ്ച്ചവച്ചത്. ഇരുവരും മുംബൈ റായോ റേസിംഗ് താരങ്ങളാണ്. അവസാന 2 റൗണ്ടുകളിലെ കിയാന്റെയും കൃഷിന്റെയും പ്രകടനം നാഷണൽ ചാമ്പ്യൻഷിപ്പിൽ അവർക്ക് രണ്ടാം സ്ഥാനം നേടാനും വഴിയൊരുക്കി. റൗണ്ട് 5ലെ ജൂനിയർ യോഗ്യതാ മത്സരം ചെന്നൈയിലെ ശിവാൻ കാർത്തിക്കിന് (എംസ്പോർട്ട്) 0.352 സെക്കൻഡ് പിന്നിലായി അഞ്ചാം സ്ഥാനത്ത് ഫിനിഷ് ചെയ്യാനേ കിയാന് സാധിച്ചുള്ളൂ.

ഫൈനൽ റൗണ്ടിൽ മികച്ച തുടക്കം കുറിച്ച കിയാൻ ഉടൻ തന്നെ ലീഡ് നേടിയെങ്കിലും പൂനെയിൽ നിന്നുള്ള അറഫാത്ത് ഷെയ്ഖിന്റ പിന്നിലായി രണ്ടാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. റൗണ്ട് 5ലെ സീനിയർ യോഗ്യതാ മത്സരം കടുത്ത പോരാട്ടമായിരുന്നു. ബംഗളൂരുവിലെ ഇഷാൻ മാദേശ് (പെരെ ഗ്രൈൻ റേസിംഗ്) കൃഷ് ഗുപ്തയെ (റായോ റേസിംഗ്) 0.216 സെക്കൻഡിന് മറികടന്ന് പോൾ പൊസിഷൻ സ്വന്തമാക്കി. സീനിയർ വിഭാഗത്തിൽ അരങ്ങേറ്റം കുറിച്ച കിയാൻ ഷാ വെറും 0.055 സെക്കൻഡ് വ്യത്യാസത്തിൽ മൂന്നാം സ്ഥാനത്തെത്തി. റായോ റേസിംഗിലെ പൂനെയിൽ നിന്നുള്ള ഡാനിഷ് ദൽമിയയും ഫൈനലിൽ പ്രകടനമാണ് കാഴ്ചവെച്ചത്. ഫൈനലിലെ നാലാം സ്ഥാനത്തോടെ നാഷണൽ ചാമ്പ്യൻഷിപ്പ് സ്റ്റാൻഡിങ്ങിൽ ഡാനിഷ് മുന്നാമതായി. അതേസമയം വലിയ വേദിയാണ് കിയാൻ ഷായെ ഇനി കാത്തിരിക്കുന്നത്. നവംബർ 15,16 തീയതികളിൽ മലേഷ്യയിൽ നടക്കുന്ന എഫ്ഐഎ കാർട്ടിംഗ് ലോകകപ്പിലാണ് താരം മത്സരിക്കുക.



## മണിപ്പാൽ പെയ്മെന്റ് ആൻഡ് ഐഡന്റിറ്റി സൊല്യൂഷൻസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ആഭ്യന്തര, അന്താരാഷ്ട്ര ബാങ്കുകൾ, ഫിൻടെക്കുകൾ, ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ, സർക്കാരുകൾ തുടങ്ങിയവയ്ക്ക് പേയ്മെൻറ്, തിരിച്ചറിയൽ, സ്മാർട്ട് ടാഗിങ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി) സംവിധാനങ്ങൾ ലഭ്യമാക്കുന്ന മണിപ്പാൽ പെയ്മെന്റ് ആൻഡ് ഐഡന്റിറ്റി സൊല്യൂഷൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പുതുക്കിയ പ്രാഥമിക രേഖ (യുഡിആർഎച്ച്പിക) സമർപ്പിച്ചു.

400 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 1.75 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ബിജെഎംസി : എം.കെ.മുഹമ്മദ് സലീം പ്രസിഡന്റ്, അജിത് കുമാർ പട്ടത്ത് ജനറൽ സെക്രട്ടറി





**കൊച്ചി :** ഭാരതീയ ജനത മസ്ദൂർ സെല്ലിന്റെ (ബി.ജെ.എം.സി) സംസ്ഥാന പ്രസിഡന്റായി എം.കെ മുഹമ്മദ് സലീമും, ജനറൽ സെക്രട്ടറിയായി അജിത് കുമാർ പട്ടത്തും ചുമതലയേറ്റു. ഭാരതീയ ജനതാ പാർട്ടിയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന ബി.ജെ.എം.സി അസംഘടിത തൊഴിലാളികൾ, കരാർ ജീവനക്കാർ തുടങ്ങിയവരുടെ അവകാശങ്ങൾക്കും ക്ഷേമത്തിനും വേി പ്രവർത്തിക്കുന്ന ദേശീയ സംഘടനയാണ്. കൊച്ചി കച്ചേരിപ്പടി ഹോട്ടൽ കിംഗ് എംബയറിൽ ദേശീയ ചെയർമാൻ ബിശ്വാപ്രിയ റോയ് ചൗധരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് സംസ്ഥാന നേതാക്കൾ ചുമതലയേറ്റത്. ചടങ്ങിൽ ദേശീയ പ്രസിഡന്റ് അർണബ് ചാറ്റർജി, മഹിളാ വിംഗ് ദേശീയ പ്രസിഡന്റ് മുനാവാരി ബീഗം, നാഷണൽ വൈസ് പ്രസിഡന്റ് ദീപക് ശർമ്മ, യൂത്ത് വിംഗ് ദേശീയ പ്രസിഡന്റ് അർമാൻ ഗാംഗുലി, തമിഴ്നാട് മൈനോരിറ്റി സെൽ വൈസ് പ്രസിഡന്റ് ബിജു അലക്സ് തുടങ്ങിയവരും പങ്കെടുത്തു.

## എച്ച്ഡിഎഫ്സി മ്യൂച്വൽ ഫണ്ട്

# ജാഗ്രതി യാത്ര കൊച്ചിയിലെത്തി

**കൊച്ചി:** ഇന്ത്യയുടെ സംരംഭകത്വ ആഘോഷത്തിന്റെ ഭാഗമായി എച്ച്ഡിഎഫ്സി മ്യൂചൽ ഫണ്ടിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 18ാമത് ജാഗ്രതി യാത്ര കൊച്ചിയിലെത്തി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശത്തു നിന്നും തെരഞ്ഞെടുത്ത 500 യാത്രികരെ ഒന്നിപ്പിക്കുന്ന 15 ദിവസം നീണ്ടുനിൽക്കുന്ന 8,000 കിലോമീറ്റർ യാത്രയിലെ മറ്റൊരു നാഴികക്കല്ലാണിത്. 68,000ത്തിലധികം അപേക്ഷകരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഈ യാത്രികർ സംരംഭങ്ങൾ വഴിയുള്ള വികസനത്തിലൂടെ ഒരു ആത്മനിർഭർ ഭാരതം കെട്ടിപ്പടുക്കുക എന്ന ജാഗ്രതിയുടെ ദൗത്യത്തിന്റെ പ്രതിനിധികളാണ്.

ഇന്ത്യയിലെ യുവാക്കളെ സംരംഭം, വിദ്യാഭ്യാസം, സാമ്പത്തിക അവബോധം എന്നിവയിലൂടെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് എച്ച്.ഡി.എഫ്.സി മ്യൂചൽ ഫണ്ട് ഇതിൽ പങ്കാളിയാകുന്നത്.ഇന്ത്യൻ ചെറുപ്പക്കാർ വലിയ സ്വപ്നങ്ങൾ കാണുക മാത്രമല്ല, ആ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് മികച്ച സാമ്പത്തിക തിരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ ശാക്തീകരണം നടക്കുന്നത് എന്നാണ് തങ്ങൾ വിശ്വസിക്കുന്നതെന്നും നിക്ഷേപക ബോധവത്കരണ പരിപാടികളിലൂടെ മ്യൂചൽ ഫണ്ടുകളെക്കുറിച്ചുള്ള അവബോധം വർധിപ്പിച്ച് ഓരോ ഇന്ത്യക്കാരനെയും, പ്രത്യേകിച്ച് ചെറുപ്പകാരെ സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്ക് ആത്മവിശ്വാസത്തോടെ നടക്കാൻ സഹായിക്കാനാണ് ലക്ഷ്യമിടുന്നതെന്നും എച്ച്.ഡി.എഫ്.സി അസറ്റ് മാനേജ്മെന്റ് കമ്പനി എം.ഡിയും സി.ഇ.ഒയുമായ നവനീത് മുനോട്ട് പറഞ്ഞു.

## മിസിസ് സൂപ്പർനാഷണൽ മത്സരങ്ങൾക്ക് രജിസ്ട്രേഷൻ തുടങ്ങി

**കൊച്ചി:** മിസിസ് യൂണിവേഴ്സ് ഫൈനലിസ്റ്റായ സോയ സിറാജ് ഷെയ്ഖിന്റെ നേതൃത്വത്തിൽ മൂന്ന് തലങ്ങളിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മിസിസ് സൂപ്പർനാഷണൽ (അന്താരാഷ്ട്ര തലം), മിസിസ് ഇന്ത്യ സൂപ്പർനാഷണൽ (ദേശീയതലം), കാരാ മിസ് ആൻഡ് മിസിസ് മഹാരാഷ്ട്ര 2025 (സംസ്ഥാനതലം) എന്നിങ്ങനെ മൂന്ന് തലത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കഴിവ്, ആശയവിനിമയ ശേഷി, സാമൂഹിക ഉത്തരവാദിത്തം എന്നിവക്ക് പ്രാധാന്യം നൽകുന്ന മത്സരങ്ങളായിരിക്കും ഇത്.

വിധവകളെ ശാക്തീകരിക്കുന്നതിനുള്ള പ്രത്യേക ഐ ആം ഇനഫ് ഫോറവും ഇതിന്റെ ഭാഗമാണ്. സ്ത്രീകൾക്ക് അംഗീകാരത്തിനും ആത്മവിശ്വാസത്തിനുമുള്ള ഒരു ആഗോള വേദി നൽകി അവരെ ശാക്തീകരിക്കുകയാണ് ലക്ഷ്യമെന്ന് കാരാ സോയാ പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകയും മാനേജിങ് ഡയറക്ടറും കൂടിയായ സോയ ഷെയ്ഖ് പറഞ്ഞു. ഗോവയിലായിരിക്കും മത്സരങ്ങളുടെ ഗ്രാൻഡ് ഫിനാലെ. നടി ഹിനാ ഖാൻ സെലിബ്രിറ്റി അതിഥിയായി എത്തും. നവംബർ 20 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9322710192, 7506312201.




# ആംപ്യൂട്ടേഷൻ ഫ്രീ ഇന്ത്യ; വാക്കത്തോൺ സംഘടിപ്പിച്ചു

**കൊച്ചി:** രക്തധമനികളെ ബാധിക്കുന്ന വാസ്കുലാർ രോഗങ്ങൾ, പ്രതിരോധ മാർഗങ്ങൾ, ചികിത്സാ രീതികൾ എന്നിവയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി നടത്തുന്ന രാജ്യവ്യാപക ക്യാമ്പയിൻ ആംപ്യൂട്ടേഷൻ ഫ്രീ ഇന്ത്യയുടെ ഭാഗമായി കൊച്ചിയിൽ വാക്കത്തോൺ സംഘടിപ്പിച്ചു. വാസ്കുലാർ സൊസൈറ്റിയുടെ ഇന്ത്യ, കേരള ചാപ്റ്ററുകൾ അമൃത ഹോസ്പിറ്റലിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച വാക്കത്തോൺ ഹൈബി ഈഡൻ എം.പി ഫ് ളാഗ്ഓഫ് ചെയ്തു.

കളമശേരി ഡക്കാത്ത്‌ലോണിൽ നിന്നും ആരംഭിച്ച വാക്കത്തോണിൽആരോഗ്യ മേഖലയിലെ വിദഗ്ധർ, വിവിധ യുവജന ക്ലബ് അംഗങ്ങൾ, പൊതുജനങ്ങൾ തുടങ്ങി ഏകദേശം മുന്നൂറോളം ആളുകൾ പങ്കെടുത്തു. പ്രമുഖ വാസ്കുലാർ സർജന്മാരായ ഡോ. സിദ്ധാർഥ് വിശ്വനാഥൻ, ഡോ. എസ്. സുധീന്ദ്രൻ, ഡോ. വിമൽ ഐപ്, ഡോ. സലീഷ് എന്നിവർ സംസാരിച്ചു. വാസ്കുലർ രോഗങ്ങളുടെ മുൻകൂട്ടിയുള്ള നിർണയം, സമയബന്ധിത ചികിത്സ എന്നിവയുടെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് വാക്കത്തോണിന്റെ ലക്ഷ്യം. വാസ്കുലർ രോഗങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ കാരണം കൈകാലുകൾ മുറിച്ചുമാറ്റേണ്ട ഗുരുതരമായ അവസ്ഥയിലേക്ക് രോഗികൾ നയിക്കപ്പെടുന്നു. പ്രത്യേകിച്ചും പ്രമേഹരോഗികളിലാണ് ഈ സാഹചര്യം കൂടുതലായുള്ളത്. രോഗം ബാധിച്ചുകഴിഞ്ഞാൽ, ഒരു വാസ്കുലർ സർജന്റെ കൃത്യസമയത്തുള്ള ഇടപെടൽ അനിവാര്യമാണ്. ആൻജിയോപ്ലാസ്റ്റി, ബൈപാസ് സർജറി പോലുള്ള നൂതന ചികിത്സാരീതികളിലൂടെ 95% വരെ അംഗവിഛേദം ഒഴിവാക്കാനാകുമെന്ന് വാസ്കുലർ സൊസൈറ്റി ഓഫ് കേരള പ്രസിഡന്റും സ്റ്റാർകെയർ ഹോസ്പിറ്റലിലെ വാസ്കുലർ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റുമായ ഡോ. സുനിൽ രാജേന്ദ്രൻ അഭിപ്രായപ്പെട്ടു.

# ബജാജ് ഫിൻസെർവ് ബാങ്കിംഗ് ഫിനാൻഷ്യൽ സർവീസസ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ് ലിമിറ്റഡ് പുതിയ നിക്ഷേപ പദ്ധതിയായ ബജാജ് ഫിൻസെർവ് ബാങ്കിംഗ് ആൻഡ് ഫിനാൻഷ്യൽ സർവീസസ് ഫണ്ട് അവതരിപ്പിച്ചു. ബാങ്കിംഗ്, എൻബിഎഫ്സി, ഇൻഷുറൻസ്, മൂലധന വിപണി, എഎംസി തുടങ്ങിയ ധനകാര്യ സേവന മേഖലകളിൽ നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് ഇക്വിറ്റി സ്കീമാണിത്. പുതിയ ഫണ്ട് ഓഫർ 24ന് അവസാനിക്കും. ബജാജ് ഫിൻസെർവ് മ്യൂച്വൽ ഫണ്ടുകളുടെ മെഗാട്രെൻഡ്സ് തന്ത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച ഈ ഫണ്ട്, ബാങ്കുകൾ, എൻബിഎഫ്സികൾ, ഇൻഷുറർമാർ, എഎംസികൾ, മറ്റ് മൂലധന വിപണി പങ്കാളികൾ എന്നിവ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന ഒരു പോർട്ട്ഫോളിയോയിലൂടെ ഇന്ത്യയുടെ വികസിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക ആവാസവ്യവസ്ഥയിൽ നിന്നുള്ള അവസരങ്ങൾ പിടിച്ചെടുക്കാൻ ലക്ഷ്യമിടുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഇത് ദീർഘകാലത്തേക്കുള്ള ഘടനാപരമായ പ്രവണതകളുമായി യോജിപ്പിച്ച് 180-200 സ്റ്റോക്ക് മെഗാട്രെൻഡ്സ് പ്രപഞ്ചത്തിൽ നിന്ന് തയ്യാറാക്കിയ ചുരുക്കപ്പട്ടികയിലുള്ള 45-60 സ്റ്റോക്കുകളിൽ നിക്ഷേപിക്കും.

യുപിഐ സ്വീകരിക്കൽ, ഡിജിറ്റൽ വായ്പ, ജൻ ധൻ സംരംഭങ്ങൾ, എൻബിഎഫ്സികൾ, മ്യൂച്വൽ ഫണ്ടുകൾ, ഇൻഷുറൻസ് എന്നിവയിലുടനീളം വർദ്ധിച്ചുവരുന്ന പങ്കാളിത്തം തുടങ്ങിയ മെഗാട്രെൻഡുകളുടെ പിന്തുണയോടെ, ബിഎഫ്എസ്ഐ മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ച് സമ്പത്ത് സൃഷ്ടിക്കാൻ ശ്രമിക്കുന്ന ഉയർന്ന റിസ്ക് താല്പര്യമുള്ള ദീർഘകാല നിക്ഷേപകർക്കായി ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നു.

